ലേയും മറ്റു വിവിധ മേഖലകളിലേയും ജനങ്ങളുടെ വർഷങ്ങളായുള്ള ആവശ്യം യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ ഉണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഡെപ്പോസിറ്റ് വർക്കിനു മാത്രമേ ഇതു ചെയ്യാൻ പറ്റുകയുള്ളുവെന്നാണ് ഗവൺമെന്റു പറയുന്നത്. ബഹുമാനപ്പെട്ട മന്ത്രി ഒരു സബ്മിഷനു മറുപടി പറഞ്ഞപ്പോൾ ഡെപ്പോസിറ്റ് വർക്കുകൾ ചെയ്യുന്ന കാര്യങ്ങൾ കോർപ്പറേഷന്റെ കീഴിലാണെന്ന് പറഞ്ഞു. അതു സ്വാഗതാർഹമാണ്. ഈ പറഞ്ഞ സ്ഥലങ്ങളിലെല്ലാംതന്നെ സർക്കാർ സ്ഥലം വേണ്ടത്രയുണ്ടെന്നുള്ള കാര്യം ബഹുമാനപ്പെട്ട മന്ത്രിക്കറിയാം. ഇതു സംബന്ധിച്ച പ്രൊപ്പോസൽ ഇതുവരെ റെയിൽവേക്കു സമർപ്പിച്ചിട്ടില്ല. ദയവായി സമർപ്പിക്കാനാവശ്യമായ നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നപേക്ഷിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, ഇപ്പോൾ ഡിക്ലയർ ചെയ്തിട്ടുള്ളതും ഏറ്റെടുക്കുമെന്നു പറഞ്ഞിട്ടുള്ളതുമായ റെയിൽവേ ഓവർബ്രിഡ്ജുകളിലും അണ്ടർ ബ്രിഡ്ജുകളിലും ഉൾപ്പെടാത്ത വിഷയമാണ് ഇവിടെ ഉന്നയിച്ചിട്ടുള്ളത്. സംസ്ഥാനത്ത് റെയിൽവേ കൈകാര്യം ചെയ്യുന്നത് സംസ്ഥാന ട്രാൻസ്പോർട്ടു വകുപ്പാണ്. ട്രാൻസ്പോർട്ടു വകുപ്പുമന്ത്രി ചർച്ച ചെയ്ത് ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(5) പുതുപ്പള്ളി - തോട്ടയ്ക്കാട് റോഡിന്റെ പണി പൂർത്തിയാക്കാനും മഞ്ഞാമറ്റം - കൊഴുവനാൽ റോഡിലെ പാലം ടെണ്ടർ ചെയ്യാനും നടപടി

ശ്രീ. ഉമ്മൻചാണ്ടി : സർ, എന്റെ നിയോജകമണ്ഡലത്തിലെ ഈ രണ്ട് വർക്കുകളിൽ ഭൂരിഭാഗം ജോലികളും തീർന്നു. ശേഷിക്കുന്ന ജോലികൾ, നടത്തണമെന്നുള്ളതാണ് എന്റെ സബ്മിഷൻ. പുതുപ്പള്ളി തോട്ടയ്ക്കാട് റോഡ്, ന്യൂ എം.എൽഎ. റോഡാണ്. 80 ശതമാനം വർക്കുകളും പൂർത്തിയായി, ഇടയ്ക്ക് രണ്ടു ചെറിയ പോർഷൻ, ചില കേസ്സുകളൊക്കെ വന്നതുകൊണ്ട് നടത്താൻ സാധിക്കാതെ വന്നു. ആ രണ്ടു ചെറിയ പോർഷന്റെ വർക്കുകളുംകൂടി നടത്തിയാൽ മാത്രമേ ആ റോഡിന്റെ പ്രയോജനം കിട്ടുകയുള്ളൂ. അതുപോലെ തന്നെ മഞ്ഞാമറ്റം ഒരു ചെറിയ പാലം ഉണ്ട് കൊഴുവനാൽ റോഡിന്റെ എസ്റ്റിമേറ്റിനകത്തുതന്നെ ഈ പാലം കൂടി ഉൾപ്പെടുത്തി അതിന് എ.എസ്.ഉം എസ്.എസ്. ഉം എസ്.എസ്.ഉം കൊടുത്തതാണ്. പക്ഷെ സാങ്കേതികമായ ചില കാരണങ്ങൾകൊണ്ട് റോഡ് ടെൻഡർ ചെയ്ത കൂട്ടത്തിൽ ആ പാലം ടെന്റർ ചെയ്യാൻ സാധിച്ചില്ല. റോഡിന്റെ പണി കഴിഞ്ഞു. ചെറിയ പാലത്തിന്റെ പണി തീരാത്തതുകൊണ്ട് അതിന്റെയും പ്രയോജനം കിട്ടുന്നില്ല. 80 ശതമാനവും വർക്കുകൾ പൂർത്തിയാക്കിയത് ആ രണ്ടു വർക്കുകൾക്കാണ്. ഈ ചെറിയ രണ്ടു വർക്കുകളുംകൂടി ചെയ്താലെ ഈ രണ്ടു വർക്കിന്റെയും പ്രയോജനം ജനങ്ങൾക്കു കിട്ടുകയുള്ളൂ. അടിയന്തിരമായി അതു ടെന്റർ ചെയ്ത് പണികൾ ഏറ്റെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, പുതുപ്പള്ളി - തോട്ടയ്ക്കാട് റോഡിന്റെ അവശേഷിക്കുന്ന പണിക്കു വേണ്ടി 25 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയാറാക്കി ഡിപ്പാർട്ടുമെന്റ് വിവിധതലത്തിൽ പരിശോധിച്ചുവരികയാണ്. അതിന് 2.2.2000-ത്തിൽ അഡീഷണൽ ആതറൈസേഷൻ നൽകിയിട്ടുണ്ട്. അതുപോലെ മുഞ്ഞാമറ്റം കൊഴുവനാൽ

LIBRARY ARCHIVES Kerala Legislative Assembly

റോഡിലെ പാലത്തിനുവേണ്ടി 25 ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്. അതിനും 5 ലക്ഷം രൂപയുടെ അഡീഷണൽ ആതറൈസേഷൻ ലഭിച്ചിട്ടുണ്ട്. രണ്ടു എസ്റ്റിമേറ്റിനും എത്രയും വേഗം എ.എസ്. ഉം എസ്.എസ് ഉം. നൽകി അതിന്റെ പണികൾ ആരംഭിക്കുന്നതാണ്.

(6) ചെങ്ങന്നൂർ അടൂർ എഞ്ചിനീയറിംഗ് കോളേജുകളിൽനിന്നും കോഴ്സ് പൂർത്തിയാക്കിയ കുട്ടികൾക്ക് ഡെപ്പോസിറ്റു തുക തിരിച്ചുകൊടുക്കുന്നതു സംബന്ധിച്ച്

ശ്രീമതി ശോഭനാ ജോർജ്ജ് : സർ, ചെങ്ങന്നൂർ, അടൂർ ഗവൺമെന്റ് എൻജിനീയറിംഗ് കോളേജുകളിൽനിന്നും കോഴ്സുകൾ പൂർത്തിയാക്കി പുറത്തുവന്ന കുട്ടികളുടെ മാതാപിതാക്കളും ആ കുട്ടികളും വളരെ ബുദ്ധിമുട്ടിലാണ്. അവരിൽനിന്നും വാങ്ങിച്ച ഡെപ്പോസിറ്റു തുക ഇതുവരെ തിരിച്ചു കൊടുത്തിട്ടില്ല. 480 കുട്ടികളിൽനിന്ന് 480 ലക്ഷം രൂപയാണ് അഞ്ചുകൊല്ലത്തിനു മുമ്പ് സർക്കാർ ഡെപ്പോസിറ്റു തുകയായി വാങ്ങിയത്. കോഴ്സ് പൂർത്തിയായി മാസങ്ങൾ കഴിഞ്ഞിട്ടും ആ കാശ് തിരിച്ചു കൊടുത്തിട്ടില്ല. രക്ഷാകർത്താക്കളും വിദ്യാർത്ഥികളും കോളേജ് അധികൃതരോട് ഡെപ്പോസിറ്റു തിരിച്ചു നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ചെല്ലുമ്പോൾ ഞങ്ങളുടെ കൈയിൽ പൈസയില്ല, അതുകൊണ്ട് ഡെപ്പോസിറ്റു തുക തിരിച്ചു നൽകാൻ കഴിയില്ലെന്നാണ് പറയുന്നത്. പണമിടപാടു നടത്തി മനുഷ്യനെ ബുദ്ധിമുട്ടിലാക്കുന്ന ഒരു സ്വകാര്യസ്ഥാപനത്തെപ്പോലെയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ഈ രക്ഷിതാക്കളുടേയും കുട്ടികളുടേയും ബുദ്ധിമുട്ട് കണക്കിലെടുത്ത് അവരുടെ ഡെപ്പോസിറ്റു തുക തിരിച്ചു കൊടുക്കണം. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ഞാനും ബന്ധപ്പെട്ടവരോട് ഇക്കാര്യം സംസാരിക്കുകയുണ്ടായി. ഇക്കാര്യത്തിൽ അടിയന്തിര നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, ചെങ്ങന്നൂർ എൻജിനീയറിംഗ് കോളേജ് സ്ഥാപിച്ച് 1993-94- ലും അടൂർ എൻജിനീയറിംഗ് കോളേജ് സ്ഥാപിച്ചത് 1995-96 ലുമാണ്. 1996-97 വർഷത്തിൽ ഈ ഗവൺമെന്റ് നയപരമായ ഒരു തീരുമാനമെടുത്തു. തുടർന്ന് 1997-98 ലും നിക്ഷേപ തുക വാങ്ങിയിട്ടില്ല. 1996-97 വരെ മുഴുവൻ വിദ്യാർത്ഥികളിൽനിന്നും ഒരു ലക്ഷം രൂപ വച്ച് ഡെപ്പോസിറ്റു വാങ്ങിച്ചിരുന്നു. നാലു കൊല്ലം കഴിഞ്ഞ് അവർ കോഴ്സ് പൂർത്തിയാക്കി പോകുമ്പോൾ തിരിച്ചു കൊടുക്കണമെന്നതായിരുന്നു വ്യവസ്ഥ. പക്ഷേ ആ തുക കോളേജിന്റെ ഡെവലപ്മെന്റിനുവേണ്ടി ഉപയോഗിച്ചു. പുതുതായി അഡ്മിറ്റു ചെയ്യപ്പെടുന്ന കുട്ടികളിൽനിന്നും പിരിച്ചെടുക്കുന്ന തുക ഇവർക്കു കൊടുക്കുക എന്നുള്ളതായിരുന്നു സ്കീം. പുതുതായി ഡെപ്പോസിറ്റ് വാങ്ങേണ്ട എന്നു തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ, നേരത്തെ വാങ്ങിച്ച പണമെല്ലാം ഈ കോളേജുകളുടെ ഭൗതിക സൗകര്യങ്ങൾ വർധിപ്പിക്കാൻവേണ്ടി വിനിയോഗിക്കുകയാണുണ്ടായത്. ഇപ്പോൾ 434 കുട്ടികളാണ് പാസ്സാക്കിയിരിക്കുന്നത്. അവർക്ക് 1999-ൽ തന്നെ തുക കൊടുക്കേണ്ടതായിരുന്നു. ഈ വർഷം മുതൽ 50 ശതമാനം കുട്ടികളിൽനിന്ന് ഡെപ്പോസിറ്റ് വാങ്ങുന്നുണ്ട്. പക്ഷേ എന്നാലും ഇവർക്കു കൊടുക്കാനുള്ള തുക പര്യാപ്തമല്ല എന്നറിയാം. ഗവൺമെന്റിന്റെ നയപരമായ ഈ തീരുമാനം കൊണ്ടാണ്, ഇപ്പോൾ ഐ.എച്ച്.ആർ.ഡി ക്ക് ഫണ്ടില്ലാതെ പോകുന്നത്. ഐ.എച്ച്.ആർ.ഡി ഒരു സ്ഥാപനമെന്നുള്ള നിലക്ക് ഫണ്ട് റെയ്സ് ചെയ്യാൻ വേറെ മാർഗ്ഗമില്ല. അതുകൊണ്ട് ഐ.എച്ച്. ആർ.ഡി

LIBRARY ARCHIVES Kerala Legislative Assembly